(ബി) ഇത് സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് ചെലവുകൾ എന്നിവയുടെ എത്ര ശതമാനം വരും;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പളം, അലവൻസ്, ടി.എ., ഡി.എ., മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ്, മറ്റ് ചെലവുകൾ എന്നിവ പ്രതിമാസം എത്രയാണ്; ഈ വിഭാഗത്തിന്റെ ആകെ എണ്ണം എത്രയാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. എന്നീ മൂന്ന് ആൾ ഇന്ത്യാ സർവ്വീസുകളിലായി ഇപ്പോൾ 290 പേർ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ ശമ്പളം, അലവൻസുകൾ, മറ്റു ചെലവുകൾ എന്നിവ സംബന്ധിച്ച് ചെലവുവരുന്ന തുകയുടെ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ സ്റ്റാഫ്

15 [26] *ശ്രീ. മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് പുനഃസംഘടിപ്പിച്ചത് എന്നാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്ലാനിംഗ് ബോർഡിലെ മെമ്പർമാരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ സ്റ്റാഫിലെ ഓരോരുത്തരുടെയും തസ്തിക സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാന്റെ ഔദ്യോഗിക വസതിയുടെ വാടക, ശമ്പളം, വിവിധ അലവൻസ് എന്നിവ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 21-3-2005-ൽ

(ബി)

1.	ശ്രീ. സി. വി. പരമരാജൻ	..	വൈസ് ചെയർമാൻ
2.	ധനകാര്യ വകുപ്പുമന്ത്രി	..	മെമ്പർ
3.	വിദ്യാഭ്യാസ വകുപ്പുമന്ത്രി	..	മെമ്പർ
4.	റവന്യൂ വകുപ്പുമന്ത്രി	..	മെമ്പർ
5.	കൃഷി വകുപ്പുമന്ത്രി	..	മെമ്പർ
6.	ശ്രീ. സി. പി. ജോൺ	..	പാർട്ടൈം മെമ്പർ
7.	ശ്രീ. മോഹൻ ഗോപാൽ	..	പാർട്ടൈം മെമ്പർ
8.	ശ്രീ. പിവിത്തോസ് തോമസ്	..	പാർട്ടൈം മെമ്പർ
9.	ശ്രീ. ജി. വിജയരാഘവൻ	..	പാർട്ടൈം മെമ്പർ
10.	ശ്രീ. എസ്. എം. വിജയാനന്ദ്	..	മെമ്പർ സെക്രട്ടറി

(സി)

1.	ശ്രീ. എം. തോമസ്	..	അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി
2.	ശ്രീ. ആർ. സുരേഷ്	..	പേഴ്സണൽ അസിസ്റ്റന്റ്
3.	ശ്രീ. സി. പി. ആർ. പിള്ള	..	പേഴ്സണൽ അസിസ്റ്റന്റ്
4.	ശ്രീ. നിജിൻ കൃഷ്ണൻ	..	പേഴ്സണൽ അസിസ്റ്റന്റ്
5.	ശ്രീ. ആർ. സദാശിവൻ നായർ	..	അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ്
6.	ശ്രീ. കെ. സജീവ്	..	ഡ്രൈവർ
7.	ശ്രീ. ബി. ഉണ്ണിക്കൃഷ്ണൻ നായർ	..	ഡ്രൈവർ
8.	ശ്രീ. പ്രദീപ്കുമാർ	..	പ്യൂൺ
9.	ശ്രീമതി സരോജം	..	കുക്ക്
10.	ശ്രീ. ഇബ്രാഹിംകുട്ടി	..	സെക്യൂരിറ്റി സ്റ്റാഫ്

(14 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 10 പേരെ നിയമിച്ചിട്ടുണ്ട്.)

(ഡി) ഔദ്യോഗിക വസതിയുടെ വാടക സർക്കാരിന്റെ പരിഗണനയിലാണ്. ശമ്പളം, വിവിധ അലവൻസുകൾ എന്നിവ മന്ത്രിമാരുടേതിന് തുല്യമാണ്.

ചോദ്യകർത്താവ് എം.എൽ.എ. സ്ഥാനം രാജിവച്ചതിനാൽ ചോദ്യം നമ്പർ (27) റദ്ദാക്കി.

LIBRARY ARCHIVES Kerala Legislative Assembly